(സി) ആൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷന്റെ കീഴിൽ വരുന്ന വിദ്യാഭ്യാസസ്ഥാപനങ്ങളിൽ ടി ഏജൻസി നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങളാണ് അദ്ധ്യാപക നിയമനത്തിന് യോഗ്യതയായി നിശ്ചയിച്ചിരിക്കുന്നത്. മെഡിക്കൽ കോളേജുകളിൽ ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെയും ഡെൻറൽ കോളേജുകളിൽ ഇന്ത്യൻ ഡെന്റൽ കൗൺസിലിന്റേയും മാനദണ്ഡങ്ങളാണ് അദ്ധ്യാപക നിയമനത്തിന് യോഗ്യതയായി നിശ്ചയിച്ചിട്ടുള്ളത്. നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷൻ ട്രെയിനിംഗ് കോളേജ് അദ്ധ്യാപകർക്ക് നിഷ്കർഷിച്ചിട്ടുള്ള അക്കാഡമിക് യോഗ്യതയാണ് ബി.എഡ്. കോളേജിലെ അദ്ധ്യാപക നിയമനത്തിന് യോഗ്യതയായി നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ ഉയർന്ന പ്രായപരിധിയിൽ ഇളവുണ്ട്.

(ഡി ആന്റ് ഇ) മാനദണ്ഡങ്ങൾ പാലിക്കാത്ത സ്ഥാപനങ്ങൾക്ക് ബന്ധപ്പെട്ട കേന്ദ്ര ഏജൻസികളും സർവ്വകലാശാലകളും അംഗീകാരം നൽകുകയില്ല എന്നതിനാൽ സർക്കാരിന് ഇക്കാര്യം പരിശോധിക്കേണ്ടി വന്നിട്ടില്ല.

(എഫ്) ആൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻ നൽകുന്ന അംഗീകാരത്തിന് വിധേയമായിട്ടാണ് എഞ്ചിനീയറിംഗ് കോളേജുകൾ, ഫാർമസി കോളേജുകൾ, ഹോട്ടൽമാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി സ്ഥാപനങ്ങൾ, എം.ബി.എ. സ്ഥാപനങ്ങൾ, എം.സി.എ. സ്ഥാപനങ്ങൾ, എന്നിവ സംസ്ഥാന സർക്കാർ അനുവദിക്കുന്നത്. ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരത്തിന് വിധേയമായി മെഡിക്കൽ കോളേജുകളും ഇന്ത്യൻ ഡെന്റൽ കൗൺസിലിന്റെ അംഗീകാരത്തിന് വിധേയമായി ഡെന്റൽകോളേജുകളും സർക്കാർ അനുവദിക്കുന്നു. എൻ.സി.റ്റി.ഇ.-യുടെ അംഗീകാരത്തിന് വിധേയമായി ബി.എഡ്. കോളേജുകൾ അനുവദിക്കുന്നു. അദ്ധ്യയന നിലവാരം മെച്ചപ്പെടുത്തുന്നതിനും നിലനിർത്തുന്നതിനും ബന്ധപ്പെട്ട ഏജൻസികളും സർവ്വകലാശാലകളും ഇപ്പോൾതന്നെ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നു. സ്വാശ്രയമേഖലയിൽ മാത്രമല്ല മറ്റു മേഖലകളിലും അദ്ധ്യയന നിലവാരം മെച്ചപ്പെടുത്തേണ്ടതുണ്ട്. ഇതിനു സാഹചര്യമൊരുക്കാൻ സർവ്വകലാശാല നിയമം പരിഷ്കരിക്കാൻ നടപടി ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ മെച്ചപ്പെട്ട സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ലോക ബാങ്ക് സഹായമുള്ള ടെക്നിക്കൽ എഡ്യൂക്കേഷൻ ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം നടപ്പാക്കുന്നു. കൂടാതെ എഡ്യൂക്കേഷൻ ഗ്രിഡ് വഴി മികച്ച അദ്ധ്യയനം കോളേജുകളിലെത്തിക്കുവാനും നടപടി സ്വീകരിച്ചുവരുന്നു. അദ്ധ്യാപകരുടെ പരിശീലനത്തിന് പ്രത്യേക പ്രാധാന്യം നൽകിയിട്ടുണ്ട്.

റൂറൽ ഹൗസിംഗ് സ്കീം

*8 [471] ശ്രീ. വർക്കല കഹാർ:
പ്രൊഫ. എ. ഡി മുസ്തഫ:
ശ്രീമതി രാധാ രാഘവൻ:
ശ്രീ. സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം റൂറൽ ഹൗസിംഗ് സ്കീം പ്രകാരം എത്ര വീടുകൾ നിർമ്മിച്ചിട്ടുണ്ട്;

(ബി) ഇതിനു കേന്ദ്രത്തിൽ നിന്നും എന്തു ധനസഹായമാണ ലഭിച്ചത്;

LIBRARY ARCHIVES Kerala Legislative Assembly

(സി) മത്സ്യത്തൊഴിലാളികൾക്കും കർഷകത്തൊഴിലാളികൾക്കും എത്ര വീടുകൾ വീതം ഈ പദ്ധതി പ്രകാരം ലഭിച്ചു?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റവന്യൂ, ഭവന നിർമ്മാണം എന്നീ വകുപ്പുകൾ മുഖേന റൂറൽ ഹൗസിംഗ് സ്കീം പ്രകാരം വീടുകൾ നിർമ്മിച്ചിട്ടില്ല. എന്നാൽ തദ്ദേശ സ്വയം ഭരണ വകുപ്പു ഗ്രാമവികസന വകുപ്പ് മുഖേന 'ഇന്ദിരാ ആവാസ് യോജന' എന്ന കേന്ദ്രാവിഷ്കൃത ഗ്രാമീണ ഭവന പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി ആന്റ് സി) 'എ'-യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഉദിക്കുന്നില്ല.

റോഡ് പണി സമയബന്ധിതമായി പൂർത്തികരിക്കാൻ നടപടി

*9 [472] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുപണികൾ സമയബന്ധിതമായി പൂർത്തികരിക്കുന്നതിന് തടസ്സമായി നിൽക്കുന്ന ഘടകങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ബി) മറ്റു വകുപ്പുകൾ ചെയ്യേണ്ട പണികൾ സമയത്തിന് ചെയ്ത് തീർക്കാത്തതിനാൽ റോഡ് പണികൾ താമസിക്കുന്നത് ഒഴിവാക്കാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) ഇലക്ട്രിസിറ്റി ബോർഡും ജല അതോറിറ്റിയും ചെയ്യേണ്ട പണികൾ യഥാസമയം ചെയ്തുതീർത്തു എന്ന് ഉറപ്പുവരുത്താൻ മരാമത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ ഉന്നതതല സമിതി രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ?

മരാമത്തു വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ):

(എ) സമയബന്ധിതമായി റോഡുകൾ പൂർത്തിയാക്കുന്നതിന് പ്രതിബന്ധമായി നിൽക്കുന്ന ഘടകങ്ങൾ പലതാണ്. സ്ഥലം ലഭ്യമാക്കാതിരിക്കുക, ആവശ്യമായ ഫണ്ടിന്റെ അപര്യാപ്തത, പ്രതികൂല കാലാവസ്ഥ, പണി ഏറ്റെടുക്കുന്ന കരാറുകാരന്റെ അനാസ്ഥ, ടാറിന്റെ ലഭ്യതക്കുറവ്, പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള കാലതാമസം, വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനക്കുറവ് എന്നിവയാണ് പ്രധാന കാരണങ്ങൾ.

(ബി ആന്റ് സി) മറ്റു വകുപ്പുകൾ ചെയ്യേണ്ട പണികൾ സമയത്തു ചെയ്തു തീർക്കാത്തതുമൂലം വരുന്ന കാലതാമസം ബന്ധപ്പെട്ട വകുപ്പു മേധാവികളുടെ ശ്രദ്ധയിൽ കൊണ്ടുവരുകയും വിവിധ തലങ്ങളിൽ അവലോകനം നടത്തിയും കാലതാമസം ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly